# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3500 21.12.2012 ലെ മറുപടിക്ക്

## സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടന്റ് തസ്തിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) 2009 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ സ്വയംഭരണ സ്ഥാപനങ്ങളിലും അക്കൗണ്ടന്റ് തസ്തിക അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതു പ്രകാരം തസ്തിക അനുവദിച്ചിട്ടുണ്ടോ ; | (എ) | 2009 ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള എന്നീ രണ്ട് ഗ്രാമ പഞ്ചായത്തുകൾ ഒഴികെ മറ്റെല്ലാ ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടന്റ് തസ്തിക അനുവദിച്ചിട്ടുണ്ട്. |
| (ബി) ബ്ലോക്ക് പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ;<br><br>(സി) അക്കൗണ്ടന്റ് ഇല്ലാത്തതുമൂലം ബ്ലോക് പഞ്ചായത്തുകളിൽ ''സാംഖ്യാ'' ഡബിൾ എൻട്രി സോഫ്റ്റ്‌വെയർ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് തടസ്സം നേരിടുന്നതായിബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (ബി) യും (സി) യും | ബ്ലോക്ക് പഞ്ചായത്തുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംവിധാന പ്രകാരം അക്കൗണ്ടന്റ് തസ്തിക നിലവിലില്ല. ആയതിനാൽ സാംഖ്യ നടപ്പിലാക്കുവാൻ തടസ്സം നേരിടുന്ന സാഹചര്യമുണ്ട്. |

സെക്ഷൻ ഓഫീസർ